# വിനയത്തിന്റെ മുഖങ്ങൾ

കബീർ എം. പറളി

പ്രവാചക തിരുമേനി(സ്വ) മദീനയിലെ അങ്ങാടിയിലൂടെ നടക്കുകയാണ്. വഴിവക്കിൽ ഒരു വൃദ്ധ. അവരുടെ അരികിൽ അല്പം ഭാരമുള്ള ഒരു ഭാണ്ഡവുമുണ്ട്. പ്രവാചകൻ(സ്വ) അവരെ സമീപിച്ചു കൊണ്ട് കാര്യം തിരക്കി.

അവർ പറഞ്ഞു: ''ഈ സാധനങ്ങൾ എന്റെ വീട്ടിലേക്കുള്ളതാണ്. എനിക്കാണെങ്കിൽ ഇതെടുത്ത് നടക്കാനുള്ള ശേഷിയുമില്ല. ആരെങ്കിലും സഹായിക്കുമൊ എന്ന് പ്രതീക്ഷിച്ച് ഇവിടെ ഇരുന്നതാണ്.''

തിരുമേനി(സ്വ) പിന്നെ കാത്തു നിന്നില്ല. ആ വൃദ്ധയുടെ ഭാണ്ഡമെടുത്ത് തലയിൽ വെച്ച് നടന്നു!

********* ********* *********

അബൂബക്കർ(റ) ഖലീഫയാകും മുമ്പേ ജനസേവകനായിരുന്നു. മദീനയിലെ പാവപ്പെട്ട വീടുകളിൽ ചെന്ന് ആടുകൾ കറന്നു കൊടുത്ത് അവരെ സഹായിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. പ്രവാചക വിയോഗാനന്തരം അദ്ദേഹം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. ഇതറിഞ്ഞ ദരിദ്രവീടുകളിലെ സ്ത്രീകൾ പറഞ്ഞു: 'അദ്ദേഹം ഖലീഫയായിരിക്കുന്നു. ഇനി അദ്ദേഹം നമ്മുക്കു വേണ്ടി പാൽകറന്ന് സഹായിക്കുകയില്ല.'

പക്ഷെ, അന്നും പതിവുപോലെ അദ്ദേഹം പ്രസ്തുത വീടുകളിൽ ചെന്നു; ആടുകളുടെ പാൽകറന്നു കൊടുത്ത് അവരെ സഹായിക്കാൻ! അതെ, പുതിയ പദവി അദ്ദേഹത്തിൽ യാതൊരു മാറ്റവുമുണ്ടാക്കിയില്ല!

********* ********* *********

അബൂബക്കർ(റ): അദ്ദേഹം ഒരു വൃദ്ധയുടെ കുടിലിൽ ചെന്ന് അവിടം അടിച്ചു വാരുകയും, വൃത്തിയാക്കുകയും ചെയ്യാറുണ്ടായിരുന്നു. അവർക്കു വേണ്ട ഭക്ഷണം തയ്യാറാക്കിയും അവരുടെ ആവശ്യങ്ങൾ നിവൃത്തിച്ചു കൊടുത്തും മാത്രമേ അദ്ദേഹം വീട്ടിലേക്ക് തിരിക്കാറുള്ളൂ!

വലിയൊരു സാമ്രാജ്യത്തിന്റെ ഭരണാധികാരിയായിരുന്നിട്ടും അദ്ദേഹം തന്റെ പതിവുരീതി മാറ്റിയിരുന്നില്ല!

********* ********* *********

റോമിനോടേറ്റുമുട്ടാൻ ഒരുങ്ങിപ്പുറപ്പെട്ട മുസ്ലീം സൈന്യത്തെ യാത്രയയക്കാൻ അമീറുൽ മുഅ്മിനീൻ അബൂബക്കർ(റ) ചെന്നു. വെറും പതിനേഴു വയസ്സുകാരനായിരുന്ന ഉസാമത്തു ബ്നു സൈദാ(റ) യിരുന്നു മുസ്ലിം സൈന്യത്തിന്റെ നേതാവ്. ഉസാമ(റ) കുതിരപ്പുറത്തു യാത്രയായി അബൂബക്കർ(റ) കാൽനടയായി അദ്ദേഹത്തെ അനുഗമിക്കാനും തുടങ്ങി. ഒരു സൈന്യത്തിന്റെ നേതാ വുമാത്രമായ താൻ വാഹനപ്പുറത്ത് യാത്രചെയ്യുക, ഖലീഫയാകട്ടെ കാൽനടയായി അദ്ദേഹത്തെ അനുഗമിക്കുക. ഉസാമ(റ) ക്ക് പ്രയാസം തോന്നി.

അദ്ദേഹം പറഞ്ഞു: ''അല്ലയോ, പ്രവാചക ഖലീഫാ, താങ്കൾ വാഹനപ്പുറത്ത് സഞ്ചരിക്കണം അല്ലെങ്കിൽ ഞാനിതാ ഇതിൽ നിന്നും താഴെയിറങ്ങുകയാണ്.''

അബൂബക്കർ(റ) പറഞ്ഞു: ''അല്ലാഹുവാണ, ഞാൻ വാഹനപ്പുറത്തേറുകയുമില്ല, താങ്കൾ വാഹനത്തിൽ നിന്ന് ഇറങ്ങേണ്ടതുമില്ല. അല്ലാഹുവിന്റെ മാർഗത്തിൽ എന്റെ കാലുകളിൽപം മണ്ണുപുരുളുന്നതിൽ എനിക്ക് വേവലാതിയുണ്ടാവുകയൊ! ഇല്ല.''

********* ********* *********

മഹാനായ ഖലീഫ ഉമർ(റ) തന്റെ രാത്രികാല പരിശോധനയിലാണ്. പ്രജകളുടെ ക്ഷേമവിവരങ്ങൾ അന്വേഷിച്ചു കൊണ്ടുള്ള യാത്രയിൽ വിശന്നു കരയുന്ന യതീം കുട്ടികൾ താമസിക്കുന്ന ഒരു വീട് അദ്ദേഹത്തിന്റ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം തിരിച്ചു നടന്നു. ഖജാനയിൽനിന്നും ഒരു ചാക്ക് ഗോതമ്പു മാവെടുത്ത് സ്വയം തലയിൽ ചുമന്ന് അദ്ദേഹമാ വീട്ടിലെത്തി. മാവുകുഴച്ച് പാകമാക്കി, അടുപ്പിൽ തീപൂട്ടി അദ്ദേഹം റൊട്ടിയുണ്ടാക്കി ആ കുഞ്ഞുങ്ങൾക്കു നൽകി. അവർ വയറു നിറയെ ഭക്ഷിക്കുന്നതും കണ്ടു കൊണ്ടാണ് ഉമർ(റ) ആ വീട് വിട്ടത്!

********* ********* *********

പേർഷ്യൻ രാജാവ് കിസ്റ തന്റെ ദൂതനെ മഹാനായ ഖലീഫ ഉമറി(റ)ന്റെ അടുത്തേക്ക് സന്ദേശവുമായി പറഞ്ഞയച്ചിരിക്കുകയാണ്. മദീനയിലെത്തിയ സന്ദേശവാഹകൻ അവിടുത്തെ ആളുകളോട് ചോദിച്ചു: ''ഖലീഫയുടെ കൊട്ടാരമെവിടെയാണ്?'' അവർ പറഞ്ഞു: ''കൊട്ടാരമൊ? ഖലീഫ ഉമറിന്ന് കൊട്ടാരവുമില്ല അരമനയുമില്ല.'' കൊട്ടാരമില്ലാത്ത രാജാവൊ? അയാൾ അത്ഭുതം കൂറി!

അദ്ദേഹത്തെ കാണാനിടയുള്ള സ്ഥലം കാണിച്ചു കൊടുക്കാനായി ഒരു മുസ്‌ലിം അയാളോടൊപ്പം ചെന്നു. അന്വേഷണത്തിനിടയിലതാ, ഒരു മരച്ചുവട്ടിൽ ഒരു മനുഷ്യൻ സുഖമായുറങ്ങുന്നു! ആളെ തിരിച്ചറിഞ്ഞ മുസ്‌ലിം, കിസ്റയുടെ ദൂതനോട് പറഞ്ഞു: ''ഇതാ, ഇദ്ദേഹമാണ് നിങ്ങൾ കാണണമെന്നാഗ്രഹിച്ച അമീറുൽ മുഅ്മിനീൻ ഉമറുബ്നുൽ ഖത്താബ്.'' അത് കണ്ടപ്പോൾ അയാൾ കൂടുതൽ അത്ഭുതപരതന്ത്രനായി. പേർഷ്യൻ, റോമൻ രാജാക്കന്മാരേയും അവരുടെ സൈനിക സന്നാഹങ്ങളേയും കിടുകിടാ വിറപ്പിച്ച ഉമറാണൊ ഇത്?! ഇയാളുടെ മുന്നിലൊ അവരൊക്കെ തലകുനിച്ചു നിൽക്കുന്നത്?!

'ഹേ, ഉമർ, താങ്കൾ പ്രജകളെ മുഴുവൻ നീതിയിൽ ഭരിച്ചു. ആകയാൽ, എവിടേയും സുഖനിദ്ര പ്രാപിക്കാനാകും വിധം അവരിൽ നിന്ന് താങ്കൾക്ക് നിർഭയത്വവും ലഭിച്ചു.' അയാൾ തന്റെ മനോഗതം പരസ്യമായിത്തന്നെ പറഞ്ഞു!

********* ********* *********

ഒരിക്കൽ ഖുറൈശികൾ തങ്ങളുടെ നാട്ടുവർത്തമാനത്തിന് കൂട്ടംകൂടിയിരിക്കുകയാണ്. അവരുടെ അരികിൽ സൽമാനുൽ ഫാരിസി(റ)യും ഇരിക്കുന്നുണ്ട്. ഖുറൈശികളോരോരുത്തരും തങ്ങളുടെ തറവാടിത്തവും, കുലമഹിമയും സാമ്പത്തികശേഷിയും എടുത്തു പറഞ്ഞ് അഭിമാനം കൊള്ളുകയാണ്.

ഇതു കണ്ടപ്പോൾ സൽമാൻ(റ) എഴുന്നേറ്റു നിന്ന് അവരോടായി പറഞ്ഞു: ''എന്റെ പൂർവ്വകാല മഹിമയെപ്പറ്റി അറിയണൊ നിങ്ങൾക്ക്? അറപ്പുളവാക്കുന്ന വെറുമൊരു ശുക്ലത്തുള്ളിയായിരുന്നു ഞാൻ. ഇനി ഞാൻ ദുർഗന്ധം വമിക്കുന്ന ശവശരീരമായി മാറുകയും ചെയ്യും. ഉയിർത്തെഴുന്നേൽപുനാളിൽ കർമ്മഫലങ്ങൾ തൂക്കിക്കണക്കാക്കാൻ തുലാസ് കൊണ്ടുവരപ്പെടുമ്പോൾ, അന്നായിരിക്കും എന്റെ പദവിയുടെ മാറ്ററിയുക. എന്റെ കർമ്മങ്ങൾക്ക് തുലാസിൽ കനമുണ്ടെങ്കിൽ ഞാൻ ആദരണീയനാകും. അതല്ല, കർമ്മങ്ങൾക്ക് കനം കുറവാണെങ്കിൽ ഞാൻ നിന്ദ്യനായിത്തീരും.''

അതെ, ദുനിയാവിലെ തറവാടിത്തവും സമ്പത്തുമൊന്നുമല്ല, ഒരു മനുഷ്യന്റെ യഥാർത്ഥ മഹിമ എന്ന് സൽമാൻ(റ) അവരെ വിനയപൂർവ്വം അറിയിക്കുകയായിരുന്നു.

********* ********* *********

ഒരിക്കൽ ഉമർ ബ്ൻ അബ്ദിൽ അസീസി(റ)ന്റെ വീട്ടിൽ അഥിതിയായി ഒരാളെത്തി. രണ്ടു പേരും സംസാരിച്ചിരിക്കവെ അടുത്തുണ്ടായിരുന്ന വിളക്കിന് കേടുപറ്റി അതണഞ്ഞു പോയി. ഉടൻ അദ്ദേഹം വിളക്കെടുത്ത് നേരെയാക്കി തിരികെ കത്തിച്ചു കൊണ്ടു വെച്ചു. ഇത് കണ്ട അഥിതി പറഞ്ഞു: ''അമീറുൽ മുഅ്മിനീൻ എന്നോടൊന്ന് പറഞ്ഞുകൂടായിരുന്നോ. ഞാനതു ചെയ്യുമായിരുന്നല്ലൊ. അല്ലെങ്കിൽ വേലക്കാരനോട് പറയാമായിരുന്നില്ലെ?''

അദ്ദേഹം പറഞ്ഞു: ''വിളക്കെടുത്ത് നടന്നപ്പോഴും ഞാൻ ഉമറായിരുന്നു. അത് നേരെയാക്കി തീകൊളുത്തിയെടുത്ത് തിരിച്ചു വന്നപ്പോഴും ഞാൻ ഉമർ തന്നെ. എന്നിൽ അത് യാതൊരു പോരായ്മയുമുണ്ടാക്കിയിട്ടില്ല. അല്ലാഹുവിങ്കൽ ഉൽകൃഷ്ടൻ വിനയാന്വിതനാണ് സുഹൃത്തെ.''

********* ********* *********

വിനയം എന്ന വിഷയത്തെ സംബന്ധിച്ച് കൂടുതലെഴുതും മുമ്പ്, ചരിത്രത്തിൽ ജ്വലിച്ചു നിന്ന ചില അനുഭവങ്ങളെ ആമുഖമാക്കണമെന്ന് തോന്നി. അതു കൊണ്ടാണ് പ്രവാചകനെ(സ്വ)യും തിരുമേനിയെക്കഴിഞ്ഞാൽ വിനയത്തിന്റെ നിറക്കുടങ്ങളായിരുന്ന ചില വ്യക്തിത്വങ്ങളെയും പരിചയപ്പെടുത്തിയത്.

## എന്താണ് വിനയം?

ആരേക്കാളും മികച്ചവൻ ഞാനാണെന്ന അഹങ്കാരവും ജനങ്ങളോട് പുച്ഛഭാവവും ഇല്ലാതിരിക്കുക. ദരിദ്രരേയും, ദുർബലരേയും, തന്നെക്കാൾ താഴ്ന്നനിലവാരത്തിലുള്ളവരേയും അവഗണിക്കാതെ എല്ലാവരേയും ആദരിക്കാനും സ്നേഹിക്കാനും കഴിയുന്ന മനസ്സുണ്ടാവുക. ഇതാണ് വിനയം. എല്ലാ വരും വിനയാന്വിതരാകണമെന്ന നിർദ്ദേശം പടച്ചതമ്പുരാനിൽ നിന്നും വന്നിട്ടുണ്ട്. അല്ലാഹു പ്രവാചകനോടായി പറഞ്ഞു:

''നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തികൊടുക്കുകയും ചെയ്യുക.'' (ശുഅറാഅ്: 215) അഥവാ ജനങ്ങളോടു മുഴുവൻ നീ വിനയാന്വിതനായിരിക്കുക എന്നർഥം.

''ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപ്പെടുത്തികൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും.'' (ക്വസസ്: 83)

എന്താണ് വിനയം എന്ന് ഫുദൈൽ ബ്നു ഇയാദിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''സത്യത്തിന് കീഴൊതുങ്ങലും അത് നടപ്പിൽ വരുത്താൻ ശ്രമിക്കലുമാണ് വിനയം. സത്യം ഒരു കുട്ടിയിൽ നിന്നാണെങ്കിലും ഏറ്റവും സാധാരണക്കാരനിൽ നിന്നാണെങ്കിലും സ്വീകരിക്കാനുള്ള മനസ്സ് വിനയത്തിന്റേതാണ്. അബൂബക്കർ(റ) പറയാറുണ്ടായിരുന്നു: ആരും മുസ്‌ലീംകളിലെ ഒരാളേയും നിസ്സാരമായി കാണരുത്. നിസ്സാരനായ ഒരാളായിരിക്കാം അല്ലാഹുവിങ്കൽ ഏറ്റവും വലിയവൻ.''

'വിനയം മാന്യന്റെ ശിരസ്സിലെ കീരീടമാണ്' എന്നൊരു പഴമൊഴിയുണ്ട്. സത്യമാണത്. വിശ്വാസിയുടെ അലങ്കാരമാണ് വിനയം. അല്ലാഹുവിനോടും അവന്റെ റസൂലിനോടും സൃഷ്ടികളോടു മുഴുവനും വിനയാന്വിതനാകുന്ന മുസ്‌ലിം ഏതു നിലക്കും ആദരണീയനാണ്. പടച്ചവന്റെ ദീനിനെ സഹൃദയം സ്വീകരിക്കുക, അവന്റെ കൽപനകൾ, തർക്കങ്ങളില്ലാതെ ശിരാസ്സാവഹിക്കുക. ദേഹേച്ഛകളേയും ഭൗതിക താത്പര്യങ്ങളേയും ദൈവിക നിർദ്ദേശങ്ങൾക്കുമുന്നിൽ അടിയറവു വെക്കുക തുടങ്ങിയവയൊക്കെ ഒരു മുസ്‌ലിം അല്ലാഹുവിനോട് കാണിക്കുന്ന വിനയപ്രകടനങ്ങളാണ്.

നബി തിരുമേനി(സ്വ)യുടെ സുന്നത്തിനെ യഥോചിതം ഉൾക്കൊള്ളുകയും, ആ സുന്നത്തിനനുസരിച്ച് ജീവിക്കാൻ ശ്രദ്ധകാട്ടുകയും, പ്രവാചകോപദേശങ്ങൾക്കെതിരിൽ നിലകൊള്ളാതിരിക്കുകയും ചെയ്യുക എന്നതാണ് തിരുമേനിയോട് കാണിക്കുന്ന ഒരു മുസ്‌ലിമിന്റെ വിനയം. സമസൃഷ്ടികളോട് താൻപോരിമ പ്രകടിപ്പിക്കാതിരിക്കുക, അവരുമായി നന്മയിൽ വർത്തിക്കുക, അവരുടെ അവകാശങ്ങളെ മനസ്സിലാക്കി, അവ വകവെച്ചുകൊടുക്കുക. ആർക്കിടയിലും ഉച്ചനീചത്വം കാണിക്കാതെ സർവരേയും സ്നേഹിക്കുക. ആരുടെ ഭാഗത്തു നിന്നായിരുന്നാലും ശരി, സത്യത്തെ അംഗീകരിക്കുക തുടങ്ങിയവയൊക്കെ യഥാർത്ഥ വിശ്വാസിയുടെ വിനയഗുണങ്ങളാണ്.

<u>പ്രാവചക തിരുമേനിയുടെ വിനയം</u>

മുഹമ്മദ് നബി(സ്വ) സൃഷ്ടികളിലെ ശ്രേഷ്ഠനാണ്. അല്ലാഹുവിന്റെ തൃപ്തി നിറഞ്ഞ പ്രവാചകൻ. പടച്ചവന്റെ കൽപനകളെ പാലിച്ച് അതീവ വിനയത്തിന്റെ നിറക്കുടമായി ജീവിച്ച അതുല്യൻ. വിനയം പ്രവാചക തിരുമേനിയുടെ മുഖമുദ്രയായിരുന്നു. വിനയം തുടിച്ചു നിൽക്കുന്ന അനുകരണീയ മാതൃകകൾ ആ ധന്യജീവിതത്തിൽ സമൃദ്ധമാണ്.

കുടുംബത്തിൽ നിന്ന് തുടങ്ങുന്നു പ്രവാചകന്റെ എളിയമയുടെ മാതൃകകൾ. മഹതി ആയിഷ(റ)യോടൊരിക്കൽ ചോദിച്ചു: ''നബി(സ്വ) വീട്ടിലായിരിക്കുമ്പോൾ അവിടുത്തെ പ്രവർത്തനങ്ങളെന്തായിരുന്നു? അവർ പറഞ്ഞു: അദ്ദേഹം വീട്ടു ജോലികളിൽ ഞങ്ങളെ സഹായിക്കാറുണ്ടായിരുന്നു. നമസ്കാര സമയമായാൽ തിരുമേനി പള്ളിയിലേക്ക് തിരിക്കുകയും ചെയ്യും.'' (ബുഖാരി)

ആടുകളെ കറന്നും, ചെരുപ്പിന്റെ കേടുകൾ തീർത്തും, വസ്ത്രങ്ങളിലെ കീറലുകൾ തുന്നിച്ചേർത്തും, അങ്ങാടിയിൽ ചെന്ന് ആവശ്യസാധനങ്ങൾ സ്വയം വാങ്ങിയും, അവ സ്വയം തന്നെ വഹിച്ചും എളിമയുടെ മകുടോദാഹരണമായിത്തീർന്നു റസൂൽ(സ്വ). ആരെക്കണ്ടുമുട്ടിയാലും അവരോട് ആദ്യം സലാം പറയുന്നതും കൈ പിടിക്കുന്നതും പ്രവാചകനായിരുന്നു. ആളുകളുടെ ചെറുപ്പ വലുപ്പ വ്യത്യാസമോ, കറുത്തവൻ വെളുത്തവനെന്ന ഭേദമൊ, സ്വതന്ത്രൻ അടിമയെന്ന വേർതിരിവൊ പ്രവാചകൻ കാണിക്കുമായിരുന്നില്ല. തന്റെ സ്വഹാബികൾക്കിടയിൽ യാതൊരു തരത്തിലുള്ള ഉച്ച നീചത്വവും പ്രവാചകന്റെ ഭാഗത്തുനിന്നും ഉണ്ടായിരുന്നില്ല. എല്ലാ കാര്യത്തിലും എല്ലാവരോടൊപ്പവും അവിടുന്ന് സഹകരിക്കുമായിരുന്നു.

ജനിച്ചു വളർന്ന മക്ക പ്രവാചകന്റെ ഇഷ്ടഭൂമിയായിരുന്നു. തൗഹീദിന്റെ വെളിച്ചമിഷ്ടപ്പെടാത്ത ശിർക്കിന്റെ കൂട്ടക്കാർ ആ മഹാനുഭാവനെ നിഷ്കരുണം പുറത്താക്കുകയായിരുന്നു. അല്ലെങ്കിൽ പുറത്തു പോകാൻ നിർബന്ധിതനാക്കുകയായിരുന്നു. മദീനയുടെ സുരക്ഷിതത്വത്തിൽ ആദർശത്തിന്റെ പൊൻപ്രഭ പടർന്നു വ്യാപിക്കുമ്പോഴും പ്രവാചകൻ മക്കയെ സ്നേഹിച്ചു. വർഷങ്ങളോളം തന്നെ അകറ്റിനിർത്തിയ മക്കയുടെ മണ്ണിൽ വിജയിയായി അന്നൊരുനാൾ പ്രവാചകൻ(സ്വ) തന്റെ അനുചരന്മാരോടൊപ്പം കടന്നു ചെന്നു. അന്നാ വിശുദ്ധമുഖം തന്റെ ഒട്ടകത്തിന്റെ മുതുകിൽ മുട്ടുമാറ് വിനയം കൊണ്ട് താഴ്ന്നിരുന്നു. കാലങ്ങളായി തന്നെയും അനുചരന്മാരേയും ക്രൂരമായി ദ്രോഹിച്ചു വന്ന ജനതയുടെ മുന്നിൽ, ചരിത്രം ദർശിച്ച മറ്റേതൊരു വിജുഗീഷുവിനേയും പോലെ, അഹങ്കാര ത്തിന്റെ ഉച്ചിയിൽ കയറിനിന്ന് അദ്ദേഹത്തിന് അട്ടഹസിക്കാമായിരുന്നു. പക്ഷെ, ലോകത്തിന് ചന്ത മാർന്ന ജീവിത മാതൃകകൾ കാണിക്കാൻവന്ന ദൈവദൂതനാണ് ഇത്. ആ മഹാമനുഷ്യനിൽ അത്തര മൊരു ചെയ്തി എങ്ങനെയുണ്ടാകാനാണ്? അഹങ്കരിച്ചില്ലെന്നു മാത്രമല്ല, തന്റെ മുന്നിൽ പഞ്ചപ്പുച്ഛമടക്കി

ആശങ്കയോടെ നിൽക്കുന്ന മക്കൻ ജനതക്കൊന്നടങ്കം അദ്ദേഹം മാപ്പുനൽകുകയും, പോവുക, നിങ്ങൾ സ്വതന്ത്രരാണ് എന്ന് പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി!

**<u>വിനയത്തിന്റെ വില</u>**

ഹൃദയശുദ്ധിയെ വിളിച്ചോതുന്ന അഭിനന്ദനീയമായ ഗുണമാണ് വിനയം. ജനങ്ങൾക്കിടയിൽ, സ്നേഹ വും, ഐക്യവും, സമത്വവും നിലനിർത്തുന്ന മഹിതഗുണം. മാനുഷിക ബന്ധങ്ങളെ തകരാറിലാക്കുന്ന അസൂയ, പക, വിദ്വേഷം തുടങ്ങിയ മുഴുവൻ മാനസികരോഗങ്ങളേയും വിനയത്തിന് സ്വന്തം വരുതി യിൽ നിർത്താനാകും. മറ്റെന്തിനേക്കാളുമുപരി പടച്ചതമ്പുരാന്റെ പ്രീതിനേടിത്തരാൻ വിനയത്തിന് സാധി ക്കും എന്നതാണ് സുപ്രധാനം. പ്രവാചക തിരുമേനി(സ്വ)യുടെ ഉപദേശം വായിക്കുക:

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. ‘‘ധർമ്മംകൊണ്ട് സമ്പത്തൊരിക്കലും ചുരുങ്ങുകയില്ല. മാപ്പ് ചെയ്യുന്നതുകൊണ്ടാണ് പ്രതാപം വർദ്ധിക്കുന്നത്. അല്ലാഹുവിനോട് താഴ്മ കാണിക്കുന്നവനാരോ, അവനെയവൻ ഉയർത്താതിരിക്കുകയില്ല.’’ (മുസ്ലിം)

ഇയാളി(റ)ൽ നിവേദനം: റസൂൽ(സ്വ) പറഞ്ഞു. ‘‘നിങ്ങൾ പരസ്പരം വിനയമുള്ളവരാകണം. ആരും അഹങ്കരിക്കരുത്. അപ്രകാരം ആരും മറ്റാരെയും ആക്രമിക്കുകയുമരുത് എന്നിങ്ങനെ അല്ലാഹു എനിക്ക് വഹ്യ് നല്കിയിരിക്കുന്നു.’’ (മുസ്ലിം.)

വിനയത്തിന്റെ വിപരീതമാണ് അഹങ്കാരം. മനുഷ്യനെ അധമാവസ്ഥയിലേക്ക് തള്ളിവിടുന്ന വികാരമാ ണത്. വിവേകപൂർവം നിയന്ത്രിച്ചില്ലെങ്കിൽ ജീവിതത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് അതുണ്ടാക്കുക.